**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 344** **29-01-2024 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന് നൽകിയ ERA3/84/2022-LSGD നമ്പർ ഫയലിന്മേൽ അന്തിമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. പ്രസ്തുത വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ധനകാര്യ വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ പൊതു സർവ്വീസിനു കീഴിലുള്ള ജീവനക്കാരുടെ ശമ്പള വിതരണം സംബന്ധിച്ച് 2023 ജൂലൈ 25 ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്നിരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | തദ്ദേശസ്വയംഭരണ ഏകീകൃത പൊതു സർവ്വീസും ഇന്റർ ട്രാൻസ്ഫർ പോളിസിയും നടപ്പിലാക്കിയ സാഹചര്യത്തിൽ നിലവിലുള്ള വ്യത്യസ്ത പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ ഏകോപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (ഡി) | സംയോജിത തദ്ദേശസ്വയംഭരണ വകുപ്പിൽ, വകുപ്പ് ഏകീകരണത്തിന് മുമ്പ് നിലനിന്നിരുന്ന മാതൃകയിൽ കെ.പി.ഇ.പി.എഫ്, സി.പി.എഫ്, ജി.പി.എഫ് എന്നിങ്ങനെ 3 രീതിയിലുള്ള പ്രോവിഡന്റ് ഫണ്ട് സംവിധാനങ്ങളാണ് നിലവിലുണ്ടായിരുന്നത്. ഇതിൽ കെ.പി.ഇ.പി.എഫ്, സി.പി.എഫ് എന്നിവ ജി.എ.ഐ.എൻ പി.എഫ് വഴി ഇടപാടുകൾ നടത്തുന്ന രീതിയിലേയ്ക്ക് മാറ്റുന്നത് പരിശോധിച്ച് വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെയും പ്രോവിഡന്റ് ഫണ്ട് ഒറ്റ സംവിധാനത്തിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിന് കീഴിലുള്ള | (ഇ) | തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ |

| | | | |
|---|---|---|---|
| | ഓഫീസുകളിൽ നിന്നും വിരമിക്കുമ്പോൾ നൽകേണ്ട പെൻഷൻ, മറ്റു സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ എപ്രകാരം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ? | | ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 18.05.2023 ൽ ധനകാര്യ വകുപ്പുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/ കോർപ്പറേഷൻ ജീവനക്കാർ പഞ്ചായത്ത്/ ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിന്ന് വിരമിക്കുമ്പോൾ നൽകേണ്ട പെൻഷൻ, മറ്റു സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്ന വിഷയത്തിൽ നയപരമായ തീരുമാനം കൈകൊള്ളുന്നതു വരെ ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>a) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരന്റെ വിരമിക്കൽ ആനുകൂല്യങ്ങൾ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് ജീവനക്കാരൻ ജോലി നിർവ്വഹിച്ചിരുന്ന സർവ്വീസിൽ നിന്നും അനുവദിക്കേണ്ടതാണ്.<br><br>b) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകൃതമാകുന്നതിനു മുമ്പ് മുനിസിപ്പൽ കോമൺ സർവ്വീസിൽ അംഗമായിരുന്ന ജീവനക്കാരൻ പൊതുസർവ്വീസിലെ മറ്റേതെങ്കിലും സർവ്വീസിൽ ജോലി ചെയ്താൽ അവിടെ നിന്നും 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി വാങ്ങി മുനിസിസപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ